## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7970 16.7.2014- ലെ മറുപടിക്ക്

## ഓൺലൈൻ വ്യാപാരം നിരീക്ഷിക്കുന്നതിന് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. പി.വിൻസെന്റ്<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഓൺലൈൻ വ്യാപാരം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;<br><br>(ബി) ഓൺലൈൻ വ്യാപാരം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) & (ബി) ഓൺലൈൻ വഴി ബുക്കു ചെയ്യുന്ന സാധനങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് റോഡ്/റയിൽ/കപ്പൽ/വിമാന മാർഗ്ഗങ്ങൾ വഴി കേരളത്തിലേക്ക് കൊണ്ടു വരുമ്പോൾ അത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ വാണിജ്യ നികുതി വകുപ്പിനുണ്ട്. റോഡു മാർഗ്ഗം കൊണ്ടു വരുന്ന സാധനങ്ങൾ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ പരിശോധനക്ക് വിധേയമാക്കി നിയമപ്രകാരമുള്ള രേഖകൾ ഉണ്ടെന്നു ഉറപ്പു വരുത്തിയതിനു ശേഷമാണ് കടത്തി വിടുന്നത്. റയിൽ/കപ്പൽ/വിമാന മാർഗ്ഗങ്ങൾ വഴി സംസ്ഥാനത്തിനകത്തേക്ക് സാധനങ്ങൾ കൊണ്ടു വരുമ്പോൾ ഓൺലൈൻ ഫയലിംഗിലൂടെ മുൻകൂറായി ഡിക്ളറേഷൻ സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള സാധനങ്ങൾ സംസ്ഥാനത്തിനകത്തേക്ക് കൊണ്ടുവന്നാൽ നിയമപ്രകാരം പിഴ ഈടാക്കാറുണ്ട്. പ്രധാനപ്പെട്ട റയിൽവേ സ്റ്റേഷനുകളിൽ വാണിജ്യ നികുതി വകുപ്പിന്റെ ചെക്കിംഗ് കൗണ്ടറുകൾ |

പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വാണിജ്യ നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം, ഇങ്ങനെയുള്ള ചരക്കു നീക്കങ്ങൽ നിരീക്ഷിക്കുകയും നികുതി വെട്ടിപ്പ് കണ്ടെത്തിയാൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) നിരീക്ഷണവും നിയന്ത്രണവുംവഴി സംസ്ഥാനത്തിന് നികുതി വരുമാന വർദ്ധനവ് എത്രമാത്രം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

(സി) & (ഡി) ഓൺലൈൻ വ്യാപാരം സംബന്ധിച്ച നിരീക്ഷണവും നിയന്ത്രണവുംവഴി സംസ്ഥാനത്തിന് ഉണ്ടാകുന്ന നികുതി വരുമാന വർദ്ധനവ് തിട്ടപ്പെടുത്തിയിട്ടില്ല.

ഓൺലൈൻ സംവിധാനത്തിലൂടെ സാധനങ്ങൾ ഓർഡർ ചെയ്ത് അന്യ സംസ്ഥാനങ്ങളിൽ നിന്ന് ക്യാഷ്-ഓൺ-ഡെലിവറി സംവിധാനം മുഖേന സംസ്ഥാനത്ത് ചരക്കുകൾ എത്തിച്ച് വില്ക്കുന്ന സമ്പ്രദായം കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ പരിധിയിൽ വരും എന്നു കാണിച്ച് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം വില്പന വില സ്വീകരിച്ച ഇടനിലക്കാരായ ചില ട്രാൻസ്പോർട്ടർമാർക്ക് മേൽ പിഴ ചുമത്തിയിട്ടുണ്ട്. ഇതിന്റെ നിയമസാധുത ചോദ്യ ചെയ്ത് അവർ സമർപ്പിച്ച ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ